# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3221** 18.10.2016- ൽ മറുപടിക്ക്

## ഗ്രാമീണ ഹൗസിംഗ് സഹകരണ സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പ്രതിസന്ധിയിലായ ഗ്രാമീണ ഹൗസിംഗ് സഹകരണ സംഘങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ആസ്തി-ബാദ്ധ്യതകൾ സംബന്ധിച്ച് പരിശോധനകൾ കാലാനുസൃതമായി നടത്താറുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംഘങ്ങളുടെ ആഡിറ്റും ഇൻസ്പെക്ഷനും നടത്തുമ്പോൾ ആസ്തി ബാധ്യതകൾ പരിശോധിക്കാറുണ്ട്. |
| ബി) | ഇത്തരത്തിലുള്ള എത്ര സംഘങ്ങൾ സംസ്ഥാനത്ത് ജപ്തി നടപടികളെ നേരിടുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള 11 സംഘങ്ങൾക്കെതിരെ ഹൗസിംഗ് ഫെഡറേഷൻ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| സി) | ഗ്രാമീണ ഹൗസിംഗ് സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി നടപടി സ്വീകരിക്കുമോ? | (സി) | ഭീമമായ കുടിശ്ശികയിൽ നിൽക്കുന്ന 42 പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർക്കുന്നതിന് 25 കോടി രൂപയുടെ ഒരു പ്രോജക്ടും സംഘങ്ങൾക്ക് വായ്പ ലഭ്യത ഉറപ്പവരുത്തുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ പ്രതിവർഷം 75 കോടി രൂപ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷയും ഹൗസിംഗ് ഫെഡറേഷൻ സമർപ്പിച്ചിട്ടുണ്ട്. സംഘങ്ങളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം, മന്ത്-ലി ഡെപ്പോസിറ്റ് സ്കീം, സ്വർണ്ണ പണയം, നീതി മെഡിക്കൽ സ്റ്റോർ, ഭവന നിർമ്മാണ സാമഗ്രികളുടെ വിപണനം, ഗൃഹോപകരണ വിപണനം എന്നിവ നടപ്പിലാക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഹൗസിംഗ് ഫെഡറേഷൻ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**